"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വിനോദസഞ്ചാര വകുപ്പ് - വർക്കിംഗ് ഗ്രൂപ്പ് 2025-26- " Promotion & Marketing-Kerala Responsible Tourism Mission Society 2025-26 " – എന്ന പദ്ധതിയ്ക്ക് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വിനോദസഞ്ചാര (സി) വകുപ്പ്**

സ.ഉ.(സാധാ) നം.273/2025/TSM തീയതി,തിരുവനന്തപുരം, 12-05-2025

---

പരാമർശം:-

1. സ.ഉ (കൈ) നം.03/2019/ടൂറിസം, തീയതി 30-05-2019.
2. സ.ഉ (സാധാ) നം.639/2024/ടൂറിസം, തീയതി 05-11-2024.
3. വിനോദസഞ്ചാര വകുപ്പ് ഡയറക്ടറുടെ 07-04-2025 തീയതിയിലെ DOT/1049/2025-P7 നമ്പർ കത്ത്.
4. 22.04.205 തീയതിയിലെ വിനോദസഞ്ചാര വകുപ്പ് വർക്കിംഗ് ഗ്രൂപ്പ് യോഗ നടപടിക്കുറിപ്പുകൾ.

**ഉത്തരവ്**

കേരളത്തിൽ ഉത്തരവാദിത്ത ടൂറിസം പ്രവർത്തനങ്ങൾ സംസ്ഥാന വ്യാപകമായി നടപ്പിലാക്കുന്നതിന് വേണ്ടി 2017 ൽ രൂപീകൃതമായതാണ് ഉത്തരവാദിത്ത ടൂറിസം മിഷൻ. ഉത്തരവാദിത്ത ടൂറിസം പ്രവർത്തനങ്ങൾ സംസ്ഥാനമൊട്ടാകെ വ്യാപിപ്പിക്കുന്നതിനും അതിന്റെ ഗുണഫലങ്ങൾ സാധാരണക്കാരിലേക്ക് എത്തിക്കുന്നതിനും, ഗ്രാമീണ വികസനത്തിനും ദാരിദ്ര്യ ലഘൂകരണത്തിനും സ്ത്രീ ശാക്തീകരണത്തിനുമുള്ള ഉപാധിയായി ടൂറിസത്തെ മാറ്റുക എന്ന ലക്ഷ്യം സാധൂകരിക്കുന്നതിനും ഉത്തരവാദിത്ത ടൂറിസം മിഷൻ സൊസൈറ്റിയ്ക്ക് സാധിച്ചിട്ടുണ്ട്.

(2). കേരള റെസ്പോൺസിബിൾ ടൂറിസം മിഷൻ സൊസൈറ്റി പ്രചരണത്തിലും വിപണനത്തിലും കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കണമെന്ന് വിവിധ യോഗങ്ങളിലും, ഗവേണിംഗ് ബോഡിയിലും തീരുമാനിക്കപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ, **Promotion & Marketing-Kerala Responsible Tourism Mission Society 2025-26** എന്ന പദ്ധതിയ്ക്ക് ₹2,00,00,000/- (രണ്ട് കോടി രൂപ മാത്രം) രൂപയുടെ ഭരണാനുമതി നൽകണമെന്ന് അഭ്യർത്ഥിച്ച്, പദ്ധതി പ്രൊപ്പോസൽ പരാമർശം (3) പ്രകാരം വിനോദസഞ്ചാര വകുപ്പ് ഡയറക്ടർ വകുപ്പുതല വർക്കിംഗ് ഗ്രൂപ്പ് യോഗം മുമ്പാകെ സമർപ്പിക്കുകയുണ്ടായി.

(3). പദ്ധതിയുടെ ഘടകങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ടുകൾ/പ്രവർത്തനങ്ങൾ | പ്രതീക്ഷിക്കുന്ന ചെലവ് |
|---|---|---|
| 1 | പ്രചരണ വീഡിയോകൾ - 2 മിനിറ്റ് വീഡിയോ 4 എണ്ണം (അംഗീകൃത ഏജൻസികളെക്കൊണ്ട് ചെയ്യിക്കുന്നതിന് ) | 39,64,800/- |
| 2 | W T M ലണ്ടൻ SATTE DELHI, OTM Mumbai ഉൾപ്പെടെ വിവിധ മേളകളിൽ പങ്കെടുക്കുന്നതിന് ഒരാൾക്ക് യാത്ര, താമസം, ഭക്ഷണ ചെലവുകൾ, മറ്റ് അനുബന്ധ ചെലവുകൾ, ബ്രാൻഡിംഗ്, മാർക്കറ്റിംഗ് ചെലവുകൾ എന്നിവ ഉൾപ്പെടെ | 20,00,000/- |
| 3 | ബേപ്പൂർ പ്രിന്റഡ് ബ്രൗഷർ, ബേപ്പൂർ സർഫിംഗ് പ്രൊമോഷണൽ വീഡിയോ, ബേപ്പൂർ വാട്ടർ ഫെസ്റ്റ് പ്രൊമോഷണൽ വീഡിയോ - മുൻ വർഷങ്ങളിലെ ബിൽ സെറ്റിൽമെന്റ് | 13,48,786/- |
| 4 | പ്രധാന ആർ ടി ഡെസ്റ്റിനേഷനുകളിൽ ക്യൂ ആർ കോഡുള്ള സൈൻ ബോർഡുകൾ | 20,00,000/- |
| 5 | കേരള റെസ്പോൺസിബിൾ ടൂറിസം മിഷൻ സൊസൈറ്റിയുടെ ന്യൂസ് ലെറ്റർ തയ്യാറാക്കുന്നതിന് (4 എണ്ണം പ്രസിദ്ധീകരിക്കുന്നതിന് ) | 13,21,600/- |
| 6 | രണ്ട് ദിവസം നീണ്ട് നിൽക്കുന്ന ഇന്ത്യൻ റൂറൽ & അഗ്രി ടൂറിസം കോൺക്ലേവ് സ.ഉ (സാധാ) നം.639/2024/ TSM തീയതി 05.11.2024 | 54,54,936/- |
| 7 | 2025 ഏപ്രിൽ 18 മുതൽ കോഴിക്കോട് നടക്കുന്ന സരസ്സ് മേളയിൽ ആർ.ടി .സ്റ്റാൾ ചെയ്യുന്നതിന് | 23,80,591/- |
| 8 | കേരള റെസ്പോൺസിബിൾ ടൂറിസം മിഷൻ സൊസൈറ്റി സക്സസ് സ്റ്റോറി ബുക്ക് മലയാളം & ഇംഗ്ലീഷ് കണ്ടന്റ് റൈറ്റിംഗ്, പ്രിന്റിംഗ് ഉൾപ്പെടെ 500 കോപ്പി വീതം | 15,29,287/- |
| | **ആകെ തുക**<br>**രണ്ട് കോടി രൂപ മാത്രം** | **2,00,00,000** |

(2). 22.04.2025 ൽ ചേർന്ന വർക്കിംഗ് ഗ്രൂപ്പ് യോഗം ഇക്കാര്യം പരിഗണിക്കുകയും, പദ്ധതി പ്രൊപ്പോസൽ ചില നിബന്ധനകൾക്ക് വിധേയമായി അംഗീകരിക്കുകയും ചെയ്തു.

(3). സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. **Promotion & Marketing-Kerala Responsible Tourism Mission Society 2025-26** എന്ന പദ്ധതിയ്ക്ക് ചുവടെ ചേർക്കുന്ന നിബന്ധനകൾക്ക് വിധേയമായി, നടപ്പ് സാമ്പത്തിക വർഷത്തെ 3452-80-104-89-Responsible Tourism" (plan) എന്ന ശീർഷകത്തിൽ നിന്നും ₹2,00,00,000/- (രണ്ട് കോടി രൂപ മാത്രം)

അനുവദിച്ച് ഉത്തരവാകുന്നു.

**Future marketing activities of Kerala Responsible Tourism Mission Society shall be done along with the general tourism marketing and due importance should be given for marketing the Responsible Tourism products.**

(4). പ്രസ്തുത പദ്ധതി കേരള റെസ്പോൺസിബിൾ ടൂറിസം മിഷൻ സൊസൈറ്റി മുഖേന സമയബന്ധിതമായി പൂർത്തിയാക്കേണ്ടതും, പദ്ധതിയുടെ നടത്തിപ്പിനായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകളിലെ എല്ലാ നിബന്ധനകളും നിർബന്ധമായും പാലിയ്ക്കേണ്ടതും, പദ്ധതിച്ചെലവ് നടപ്പ് സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതത്തിൽ പരിമിതപ്പെടുത്തേണ്ടതും, പദ്ധതി നടപ്പിലാക്കിയതിന് ശേഷമുള്ള രേഖകൾ കൃത്യമായി സൂക്ഷിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡി.ജഗദീഷ്
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, വിനോദസഞ്ചാര വകുപ്പ്, പാർക്ക് വ്യൂ തിരുവനന്തപുരം.

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ,രള ഉത്തരവാദിത്ത ടൂറിസം മിഷൻ സൊസൈറ്റി

പാർക്ക് വ്യൂ, തിരുവനന്തപുരം

ചീഫ്, പ്ലാൻ കോ-ഓർഡിനേഷൻ വിഭാഗം, സംസ്ഥാന പ്ലാനിംഗ് ബോർഡ്, പട്ടം, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് I/II), കേരള, തിരുവനന്തപുരം.

സബ് ട്രഷറി ഓഫീസർ, വെള്ളയമ്പലം, തിരുവനന്തപുരം

ധനകാര്യ (എക്സ്പെൻഡിച്ചർ) വകുപ്പ്

പി.ഐ. ഇ.എം വകുപ്പ്

വിനോദസഞ്ചാര (എ), (ബി) വകുപ്പ്

വിവര പൊതുജന സമ്പർക്ക (വെബ് ആന്റ് ന്യൂ മീഡിയ) വകുപ്പ്

കരുതൽ ഫയൽ / ഓഫീസ് കോപ്പി (ടൂർ-സി2/111/2025-ടൂർ)

ഉത്തരവിൻ പ്രകാരം

Signed by
Moly Vijaya C S
Date: 12-05-2025 13:13:21

സെക്ഷൻ ഓഫീസർ

പകർപ്പ് :

1. വിനോദസഞ്ചാര വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
2. വിനോദസഞ്ചാര വകുപ്പ് സെക്രട്ടറിയുടെ പി.എ.
3. വിനോദസഞ്ചാര വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എ.